
എന്റെ ഓർമക്കുറിപ്പുകൾ

എം. എ. ജോസഫ് മുണ്ടയ്ക്കൽ
കോതമംഗലം

43






റവ. ഫാ. ജോസഫ് ലിഗോരി മുണ്ടയ്ക്കൽ C. M. I.

വൈദിക ജീവിതത്തിൽ അമ്പതു വർഷം
തികച്ച റവ. ഫാ. ജോസഫ് ലിഗോരി
മുണ്ടയ്ക്കൽ സി. എം. ഐ. യുടെ പാദാ
രവിന്ദങ്ങളിൽ അർപ്പിക്കുന്ന

എന്റെ ഓർമ്മക്കുറിപ്പുകൾ

DHARMARAM COLLEGE
LIBRARY
BANGALORE-29

എം. എ. ജോസഫ് മുണ്ടയ്ക്കൽ
കോതമംഗലം.



ഗ്രന്ഥകർത്താവ്

അവതാരിക

മഹത്തായ ഒരു പൈതൃകം ഏതൊരു വ്യക്തിക്കും അഭിമാനവും ആനന്ദവും കൈവരുത്തും. ശ്രേഷ്ഠരായ വ്യക്തികൾക്കേ മഹത്തായ ഒരു പൈതൃകം പിൻതലമുറയ്ക്കായി കൈമാറുവാൻ സാധിക്കുകയുള്ളൂ. ഉയർന്ന ചിന്തയും ഉത്തമജീവിതവുംവഴി മാത്രമാണ് ഈ പൈതൃകം രൂപം കൊള്ളുന്നതും കാലാതിശായിയായി പ്രശോഭിക്കുന്നതും. വ്യക്തികളുടെ ഉയർച്ചയ്ക്കും ജീവിത വിജയത്തിനും ഇത്തരത്തിലുള്ള പൈതൃകം അനർഘമായ ഒരു സമ്പത്താണ്. വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന താലന്തുകളുടെ ഉപമയിൽ വിവക്ഷിക്കുന്നതുപോലെ പൂർവ്വാർജ്ജിതമായ പാരമ്പര്യസമ്പത്തിനെ ക്രയവിക്രയം ചെയ്ത് പതിന്മടങ്ങായി വർദ്ധിപ്പിക്കാൻ പിൻതലമുറയ്ക്കു കടമയുണ്ട്. വിദ്യയും വിത്തവും സദ്വൃത്തികളും വഴി ആ നിധിശേഖരത്തെ വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്ന അംഗങ്ങളുള്ള കുടുംബങ്ങളാണ് കീർത്തിപ്രതാപൈശ്വര്യങ്ങൾക്ക് ഉടമകളായിത്തീരുന്നത്.

ഇത്തരത്തിൽ കീർത്തിയും നേട്ടങ്ങളും കൈവരിച്ച് ഉന്നതമായി പ്രശോഭിക്കുന്നേ കോതമംഗലത്തെ മുണ്ടയ്ക്കൽ കുടുംബത്തിന്റെ ഒരു ലഘുചരിത്രമാണ് അനുവാചകഹസ്തങ്ങളിലെത്തിയിരിക്കുന്നത്. ഗ്രന്ഥകർത്താവ് ആരംഭത്തിൽ പ്രസ്താവിക്കുന്നതുപോലെ ഗഹനങ്ങളായ ഗവേഷണപഠനങ്ങളൊന്നും ഇതിന്റെ പിന്നിലില്ലെങ്കിലും മുണ്ടയ്ക്കൽ കുടുംബത്തിന്റെ സമ്യക്കായ ചരിത്രം ഇതിൽ വിസ്തരിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള നാലുകുടുംബങ്ങളിൽ ഒരു ശാഖയുടെ മാത്രം ആനുകാലികചരിത്രമേ വിശദമായി പ്രതിപാദിച്ചിട്ടുള്ളൂ. അതിനു

കാരണമുണ്ടതാനും. മുണ്ടയ്ക്കൽകുടുംബത്തിനു മുഴവൻ അഭിമാനഭാജനമായി, കേരള കത്തോലിക്കാ സഭയുടെ വീര പുത്രനായി പ്രശോഭിക്കുന്ന വൈദിക സത്തമൻ ഫാ. ജോസഫ് ലിഗോരിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. സന്ദർഭോചിതമായി ഫാ. ലിഗോരിയാകുന്ന കനകസൂനത്തെ വിരിച്ചെയർത്തിയ ഒരു ശിഖയെ അദ്ദേഹം ഉയർത്തിക്കാട്ടുന്നുവെന്നേയുള്ള. ഗവേഷണകുതുകിയും ആത്മാഭിമാനിയുമായ ശ്രീ. എം.എ. ജോസഫ് തന്റെ പഠനം തുടർന്നു പൂർത്തിയാക്കുമെന്നും ഒരു സമ്പൂർണ്ണ ചരിത്രം തന്നെ രചിച്ച് കൈരളിക്കു സമ്മാനിക്കുമെന്നും പ്രതീക്ഷിക്കുകതന്നെ.

ഈ ഗ്രന്ഥനിർമ്മിതിക്ക് രേഖകളേയും പുസ്തകങ്ങളേയും ആശ്രയിച്ചിട്ടില്ലെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നുണ്ട്. തന്റെ മഹാനായ പിതാവിൽനിന്നും ഇതര കുടുംബാംഗങ്ങളിൽനിന്നും കേട്ടും ചോദിച്ചും മനസ്സിലാക്കിയ വിവരങ്ങളെ ക്രോഡീകരിച്ച ഗ്രന്ഥരൂപത്തിലാക്കി. കേരളത്തിന്റെ പൂർവ്വചരിത്രവും കേരള ക്രൈസ്തവ സഭയുടെ പ്രാരംഭചരിത്രവും വരച്ചുകാട്ടിക്കൊണ്ടാണ് ഗ്രന്ഥകാരൻ സ്വന്തം കുടുംബത്തിന്റെ ചരിത്രത്തിലേക്കു പ്രവേശിക്കുന്നത്.

മുണ്ടയ്ക്കൽ കുടുംബത്തിന്റെ ഉത്ഭവം അമ്പലപ്പുഴയിലെ ഒരു പ്രാചീന നമ്പൂതിരി ഇല്ലത്താണ്. സത്യവേദം സ്വീകരിച്ച ആ കുലീന കുടുംബത്തിന്റെ തായ് വേരുകൾ പിന്നീട് കോതമംഗലത്തും ചമ്പക്കുളത്തും രാമപുരത്തും സുൽത്താൻബത്തേരിയിലുമായി പടർന്നു പന്തലിച്ചു.

കോതമംഗലത്തേയ്ക്ക് കുടിയേറിയ കുടുംബശാഖ അന്നത്തെ പ്രസിദ്ധ വ്യാപാരകേന്ദ്രമായിരുന്ന അങ്ങാടിയിലാണ് താമസമുറപ്പിച്ചത്. കോതമംഗലത്തു ചെറിയപള്ളിയുടേയും വലിയപള്ളിയുടേയും പുത്തൻപള്ളിയുടേയും സ്ഥാപനത്തിൽ മുണ്ടയ്ക്കൽ കുടുംബത്തിലെ കാരണവന്മാർ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. തിരുവിതാകൂർ രാജാവിൽനിന്നു പാരിതോഷികങ്ങളും അംഗീകാരവും നേടിയെടുക്കാൻ തക്കവിധമുള്ള പാണ്ഡിത്യ പ്രകർഷവും സാഹസികതയും കുടുംബനാഥനു കൈമുതലായുണ്ടായിരുന്നു. യാത്രാസൗകര്യങ്ങൾ വളരെ പരിമിതമായ ഒരു കാലഘട്ടത്തിൽ പോലും തിരുവനന്തപുരത്തെത്തി മഹാരാജാവിനെ മുഖം കാണിച്ചു ലക്ഷ്യം നേടി മടങ്ങിപ്പോരണമെങ്കിൽ ആ പൂർവ്വികന്റെ നിശ്ചയദാർഢ്യവും കാര്യജ്ഞാനവും പ്രവർത്തനശേഷിയും എത്ര വലുതായിരിക്കണം!

മുണ്ടയ്ക്കൽ കുടുംബത്തിനു കേരളത്തിലെ വിവിധ പ്രദേശങ്ങളിലുള്ള പുരാതന കുടുംബങ്ങളുമായുള്ള കെട്ടുബന്ധങ്ങളും വേഴ്ചകളും പ്രസ്തുത കുടുംബ പാരമ്പര്യത്തിനു പുതിയ മാനങ്ങളും വ്യാപ്തിയും കൈവരുത്തിയിട്ടുണ്ട്. ഈ കുടുംബത്തിൽനിന്നു വളരെ പേർ മിഷണറിമാരായും വൈദികരായും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹത്തായ സഭാസേവനം നിർവ്വഹിക്കുന്നുണ്ട്. വിദ്യാസമ്പാദനത്തിൽ കുടുംബാംഗങ്ങളേവരും ഉൽസുകരാണ്. കൃഷി, വ്യാപാരം, ഉദ്യോഗം, കോൺട്രാക്റ്റ് ജോലി, അല്മായ പ്രേഷിതത്വം, സമുദായ സേവനം, രാഷ്ട്രീയ പ്രവർത്തനം എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളിൽ പ്രശോഭിക്കുന്നവർ വളരെയുണ്ട്. വിദ്യാഭ്യാസാർത്ഥവും ഉദ്യോഗത്തിനായും വിദേശത്തു എത്തിച്ചേർന്നി

ട്ടുള്ളവരും പലരുമുണ്ട്. പ്രത്യേകം എടുത്തു പറയുന്ന രണ്ടു വ്യക്തികളാണ് ഇന്ത്യൻ പാർലിമെൻറംഗമായിരുന്ന ശ്രീ. ജോർജ് ജോസഫും (ബേബി) ജൂബിലേറിയനായ ഫാ. ലിഗോരിയും. ആദർശനിഷ്ഠയും ബുദ്ധിസാമർത്ഥ്യവും നിസ്വാർത്ഥ സേവനതൽപരതയും മൂലം അവരിരുവരും സമകാലീനർക്ക് സ്വീകരണീയരായിത്തീർന്നിട്ടുണ്ട്. സി. എം. ഐ. സഭയുടെ വിവിധ സേവനത്തുറകളിൽ ധന്യമായ സേവനതർപ്പണം പൂർത്തിയാക്കിയിട്ടുള്ള ജൂബിലേറിയൻ ഫാ. ജോസഫ് ലിഗോരിക്ക് ഹൃദയംഗമമായ ആദരാഞ്ജലികളും അർപ്പിക്കുന്നതോടൊപ്പം ത്യാഗപൂർണ്ണമായ ഒരു തപസ്യ പൂർത്തിയാക്കി ഈ ഗ്രന്ഥതല്പജത്തെ അണിയിച്ചൊരുക്കിയ ഗ്രന്ഥകർത്താവ് ശ്രീ. എം. എ. ജോസഫിനും ആത്മാർത്ഥമായ അനുമോദനങ്ങളും അർപ്പിക്കുകയും ചെയ്യുന്നു.

ഫാ. ജോസഫ് പുത്തൻകുളം,
ഹെഡ്മാസ്റ്റർ,
നിർമ്മലാ ഹൈസ്കൂൾ,
മൂവാറ്റുപുഴ.

മൂവാറ്റുപുഴ,
1-4-'91

മുഖവുര

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളും പ്രത്യേക രേഖകളിൽ നിന്നോ പുസ്തകങ്ങളിൽ നിന്നോ എടുത്തിട്ടുള്ളവയല്ല. തലമുറകളിലൂടെ പറഞ്ഞു കേട്ടറിഞ്ഞ, എന്റെ പിതാവിൽ നിന്നും പിതൃസഹോദരിയിൽ നിന്നും ഞാൻ മനസിലാക്കിയ വിവരങ്ങളാണ് ഇവ. ജനനമരണത്തീയതികളും, പള്ളിരേഖകളിൽ നിന്നും എന്റെ കൈവശമുണ്ടായിരുന്ന കുറിപ്പുകളിൽ നിന്നും കാര്യജ്ഞാനികളായ ഇതര ആളുകളിൽ നിന്നും ശേഖരിച്ചവയാണ്. എന്തെങ്കിലും തെറ്റുകൾ വന്ന പെട്ടിട്ടുണ്ടെങ്കിൽ അവ തിരുത്തുന്നതിൽ ഞാൻ സന്തുഷ്ടനും സന്നദ്ധനുമാണ്.

ലോകത്തിൽ, കേരളത്തിനുണ്ടായിരുന്ന സ്ഥാനം മനസ്സിലാക്കുന്നതിനും കേരളത്തിൽ നസ്രാണികളുടെ പ്രവേപ്രചാരങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടിയാണ് കേരളചരിത്രം, കൊടുങ്ങല്ലൂരിന്റെ ഉയർച്ച തുടങ്ങിയവ പരാമർശിച്ചിരിക്കുന്നത്.

നാലു ശാഖകളായാണ് മുണ്ടയ്ക്കൽ കുടുംബം ഇപ്പോൾ കാണുന്നത്. റവ. ഫാ. ജോസഫ് ലിഗോരി സി.എം.ഐ., റവ. ഫാ. പീറർ മുണ്ടയ്ക്കൽ, ശ്രീ. എം. ററി. ആൻറണി ബി.എ.ബി.ററി., ശ്രീ. എം. പി. ജോർജ് (സുൽത്താൻബത്തേരി) എന്നിവർ ഈ നാലു ശാഖകളുടെ പ്രതിനിധികളാണ്. ഇപ്പോൾ ജൂബിലി ആഘോഷിക്കുന്ന ബഹു. ലിഗോരിയച്ചന്റെ കുടുംബശാഖമാത്രമേ ഈ ഓർമക്കുറിപ്പിനു വിഷയീഭവിപ്പിച്ചിട്ടുള്ളൂ.

ഗ്രന്ഥകർത്താവ്.

പൂർവ്വികരിൽ നിന്നു ലഭിച്ച വിവരങ്ങൾ

അല്പം ചരിത്രം

ക്രിസ്തുവിനു് നാലായിരം വർഷം മുമ്പുതന്നെ കേരളം ലോകചരിത്രത്തിൽ ഉന്നത സ്ഥാനം നേടിയിരുന്നു. ദ്രാവിഡരും തുടർന്നു് ആര്യ (ബ്രാഹ്മണ) രും കൂട്ടം കൂട്ടമായി കുടിയേറിപ്പാർപ്പുതുടങ്ങിയതു് ഈ കാലഘട്ടത്തിലാണു്. ഹൈന്ദവരോടൊപ്പം ബുദ്ധമതക്കാരും യഹൂദരും ധാരാളമായി ഇവിടെ വസിച്ചിരുന്നു. കരുമുളകു്, ഏലം, ചുക്കു്, കറുവാപ്പട്ട എന്നീ ഉല്പന്നങ്ങൾക്കും തേക്കു്, ഈട്ടി, ചന്ദനം തുടങ്ങിയ വിലപ്പിടിപ്പുള്ള തടികൾക്കും ആനക്കൊമ്പു്, തേൻ, കുന്തിരിക്കം തുടങ്ങിയ വനവിഭവങ്ങൾക്കും അന്നു് കീർത്തിപെട്ട ദേശമായിരുന്ന കേരളം. വിദേശീയരെ കേരളത്തിലേയ്ക്കും അതുവഴി ഇന്ത്യയിലേയ്ക്കും ആകർഷിച്ചതു് നമ്മുടെ നാട്ടിലെ ഈ വിലപ്പെട്ട വിഭവങ്ങളുടെ സമൃദ്ധിയും പ്രസിദ്ധിയുമാണു്.

കൊടുങ്ങല്ലൂരിന്റെ ഉയർച്ച

പ്രാചീന കേരളത്തിലെ പ്രധാന തുറമുഖമായ കൊടുങ്ങല്ലൂർ വഴിയാണു് വിദേശീയർ കേരളത്തിലേയ്ക്ക പ്രവഹിച്ചതു്. നമ്മുടെ വനവിഭവങ്ങളും കാർഷികോല്പന്നങ്ങളും ആയിരുന്നു, വ്യാപാര കേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ തുറമുഖത്തെ പ്രധാന കയറ്റുമതികളും. റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായും പാലസ്തീൻ തുടങ്ങിയ പ്രദേശങ്ങളുമായും കൊടുങ്ങല്ലൂരിനു ബന്ധം ഉണ്ടായിരുന്നു. അതുകൊണ്ടായിരിക്കും ക്രിസ്തുവിനുശേഷം വിശുദ്ധ തോമാശ്ലീഹ കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കരയിൽ കപ്പലിറങ്ങാൻ ഇടവന്നതു്. കേരളസഭ

യ്ക്കു് 'മലങ്കരസഭ' എന്ന പേരുണ്ടായതു് അങ്ങിനെ യാണെന്നും വിശ്വസിക്കപ്പെടുന്നു.

വിശുദ്ധ തോമാ അപ്പസ്തോലന്റെ വരവിനുശേഷം ഉയർന്നതും അല്പാത്തതുമായ ഹൈന്ദവ വിഭാഗത്തിൽ പെട്ട അനേകം പേർ ക്രിസ്തുമതാനുയായികളായി. അവരോടൊപ്പം ഇതര മതക്കാരും ക്രിസ്തുമതം സ്വീകരിച്ചു. ഇവർ 'നസ്രാണികൾ' എന്ന പേരിലാണ് അറിയപ്പെട്ടുപോന്നതു്. ക്രമേണ കാർഷിക-വ്യാപാര രംഗത്തു് ഇവർ ഒരു വൻ ശക്തിയായി മാറി. സാമൂഹികമായി ബ്രാഹ്മണർക്കു സമാനമായ നിലയും വിലയും നസ്രാണികൾക്കുണ്ടായിരുന്നു. സ്ഥാനമാനങ്ങളും ബഹുമതികളും അധികാരങ്ങളും മറ്റും അവർക്കു നൽകിയിരുന്നു. ഈ കാലഘട്ടം, ലോകമെങ്ങും അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ സുവർണ്ണ കാലമായിരുന്നു.

കാലം കടന്നു പോകവെ കൊടുങ്ങല്ലൂർ അധോഗതിയിലേയ്ക്കു് വഴുതിവീഴുകയായി. അവിടെ വസിച്ചിരുന്ന ആഢ്യ പാരമ്പര്യമുള്ള നസ്രാണി കുടുംബങ്ങൾ പല സ്ഥലങ്ങളിലേക്കും കുടിയേറി.

കോതമംഗലത്തു് പള്ളികളുടെ സ്ഥാപനം

കോതമംഗലം ഒരു പ്രസിദ്ധ കുമ്പോളവും ഗിരിവർഗ്ഗ കേന്ദ്രവുമായിരുന്നു. ചേരം, ചോളം, പാണ്ഡ്യം തുടങ്ങിയ ദേശങ്ങളിലേയ്ക്കു് കഴുത, കാള തുടങ്ങിയ വയുടെ പുറത്തും തലച്ചുമടായും സാധനങ്ങൾ കൊണ്ടുചെന്നു് വ്യാപാരം ചെയ്തിരുന്നു. ഇതോടെ അയൽപ്രദേശങ്ങളിൽനിന്നു്, ഉയർന്ന പല നസ്രാണി കുടുംബങ്ങളും കോതമംഗലത്തു് അങ്ങാടിയിൽ വന്നു താമസിച്ചു. ഈ അവസരത്തിൽ ക്രിസ്തീയ മതാനുഷ്ഠാനങ്ങൾക്കു്

പള്ളി ആവശ്യമായതിനാൽ കട്ടച്ചിറ കുര്യൻ കുര്യതി ന്റെ നേതൃത്വത്തിൽ പു[illegible]ക്കാട്ട മലയുടെ പുറത്തു് (ഇ പ്പോഴം വലിയ പള്ളി ഈിക്കുന്ന സ്ഥലം) പരിശുദ്ധ കന്യാമറിയത്തിന്റെ നാമത്തിൽ A.D. 651-ൽ പള്ളി സ്ഥാപിച്ചു. ഈ പള്ളിയുടെ സ്ഥാപനത്തിൽ മുണ്ടയ്ക്കൽ കുടുംബക്കാർ പങ്കുവഹിച്ചിട്ടുണ്ടു്.

ഇങ്ങനെയിരിക്കെ ചെറിയപള്ളി സ്ഥാപിക്കേണ്ട ആവശ്യം വന്നു. അതിന്റെ കാരണം പറയുന്നതിങ്ങനെ യാണു്: 22 വീട്ടുകാരുടെ മാത്രം ശ്രമഫലമാണു് വലി യ പള്ളി. ഒരു ഞായറാഴ്ച പതിവുപോലെ ആളുകളം പള്ളിയിൽ വന്നപ്പോഴം ഒരു സ്ത്രീ (കട്ടച്ചിറ കുടുംബാം ഗമാണെന്നു പറയുന്നു) പള്ളിയുടെ ആനവാതിൽക്കൽ കൈകുത്തി ചാരിനിന്നു സംസാരിക്കുന്നതു കണ്ടു. എല്ലാ വരും അവരുടെ കൈക്കീഴിലൂടെ പള്ളിക്കകത്തു പ്രവേ ശിച്ചു. പിറേറ ഞായറാഴ്ചയും ആ സ്ത്രീ അതേ സ്ഥാ നത്തു കൈകുത്തി നിൽക്കുന്നതുകണ്ടു്, പള്ളിയിൽ വന്ന വർ അവരോടു് കൈമാറണമെന്നാവശ്യപ്പെട്ടു. തന്റെ കൈക്കീഴിലൂടെ കടന്നുപോയാൽ മതിയെന്നും അതിനു തയ്യാറല്ലാത്തവർ പള്ളിക്കകത്തു പ്രവേശിക്കേണ്ടായെ ന്നും ആ സ്ത്രീ ശഠിച്ചു. തുടർന്നു് പള്ളിയിൽ പ്രവേശി ക്കാതെ എല്ലാവരും തിരിച്ചുപോയി. ഇങ്ങനെ തിരി കെപ്പോയവർ ആലോചനകൾക്കുശേഷം നെല്ലിമറം, നെടുഞ്ചാലി, കട്ടച്ചിറ, പോത്താനിക്കാടൻ എന്നീ കുടും ബങ്ങളം 'ഒഴിച്ചു്' ബാക്കി 18 വീട്ടുകാർ കുന്നിൻ മുക ളിൽ സ്ഥാപിച്ചിരുന്ന വലിയപള്ളിയിൽനിന്നു പിരി ഞ്ഞു് താഴെ 'മാർ തോമാ ചെറിയപള്ളി' എന്ന നാമ ത്തിൽ പള്ളി സ്ഥാപിച്ചു. ഇതിലും മുണ്ടയ്ക്കൽ കുടുംബ ത്തിനു പങ്കുണ്ടു്.

ഇങ്ങനെയിരിക്കെ ചെറിയപള്ളിക്ക വേണ്ടി ഒരു ഓട്ടുമണി ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചു. ഓരോ കുടുംബക്കാരും ഓരോ തുലാം ഓട് എടുത്ത് 18 തുലാത്തിന്റെ മണിയുണ്ടാക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ഓട് സംഭരിച്ചു. എന്നാൽ ഒരു കുടുംബത്തിലെ കാരണവർ വ്യാപാരം പ്രമാണിച്ച് തമിഴ്നാട്ടിലെ ഡിൻറിഗൽ എന്ന സ്ഥലത്തു പോയിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വീതം ഓട്, അദ്ദേഹം വരുമ്പോൾ വാങ്ങാമെന്ന തീരുമാനത്തിൽ മറ്റുള്ളവർ തങ്ങൾ സംഭരിച്ച ഓട് ഉപയോഗിച്ചു മണിതീർത്തു. അദ്ദേഹം തിരിച്ചുവന്നപ്പോൾ വിവരങ്ങൾ ധരിപ്പിച്ചു. ഓട് തരുന്നതിനു് ആവശ്യപ്പെട്ടു. താൻ സ്ഥലത്തു് ഇല്ലായിരുന്നെങ്കിലും തന്റെ വീട്ടിലെ അംഗങ്ങളോട് 'ഓട് ചോദിക്കാമായിരുന്നെന്നും തന്റെ വക ഓട് മണിയിൽ ചേർത്തിട്ടില്ലാത്തതിനാൽ വാർത്തുകഴിഞ്ഞ മണി പള്ളിയിൽ കെട്ടാൻ പറ്റില്ലെന്നും അദ്ദേഹം ശഠിച്ചു. തൻ മൂലം പ്രസ്തുതമണി ചെറിയപള്ളിയുടെ കിണറ്റിൽ നിക്ഷേപിച്ചു. ഓട്ടുമണി വെള്ളത്തിൽ കുറെനാൾ കിടന്നാൽ സ്വരവും മുഴക്കവും വർദ്ധിക്കുമെന്നു പറയുന്നു. ഏതായാലും ആ മണി പ്രസ്തുതകാരണവർ മരിച്ചശേഷം മാത്രമാണ് കയറ്റിക്കെട്ടി ഉപയോഗിച്ചു തുടങ്ങിയതെന്നു പറയപ്പെടുന്നു.

അതിനിടെ പുത്തൻപള്ളി പണിയുവാൻ ഇട വന്നു. ചെറിയ പള്ളിക്കാരും വലിയപള്ളിക്കാരും തമ്മിൽ തർക്കങ്ങളും കലഹങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. 1504ൽ ഇടപ്പള്ളിയിൽ അന്നു വാണിരുന്ന ആർക്കദിയാക്കോൻ അച്ചനെ വിളിച്ചുകൊണ്ടുവന്ന് തർക്കങ്ങൾ അവസാനിപ്പിക്കുകയും അന്നുമുതൽ വളരെ ഒരുമയോടെ മലങ്കര

ക്രിസ്ത്യാനികളായ കോതമംഗലത്തുകാർ കഴിഞ്ഞുപോരുകയും ചെയ്തു. അക്കാലത്തു് ശനിയാഴ്ച മാംസവർജ്ജനം ഉണ്ടായിരുന്നു. എന്നാൽ ഏതാനും പേർക്കു് ശനിയാഴ്ച മാംസം ഭക്ഷിയ്ക്കണമെന്നും മറ്റുള്ളവരെ ഭക്ഷിപ്പിക്കണം എന്നും ആഗ്രഹം തോന്നി. അതനുസരിച്ചു് ഒരു ദിവസം മാംസം ഉപ്പൊപ്പെടെ ക്ഷേണം തയ്യാറാക്കിയ ശേഷം എല്ലാവരെയും പള്ളിയ്ക്കകത്തു വിളിച്ചുവരുത്തി വാതിലുകൾ അടച്ചുപൂട്ടിയശേഷം ക്ഷേണം കഴിക്കുവാൻ നിർബന്ധിച്ചു. നിർബന്ധം മൂലം ചിലർ മാംസം കഴിച്ചു. എങ്കിലും ഒരു കാരണവർ മദ്ബഹയിലേയ്ക്കു് ഓടിക്കയറി. അന്നു് അൽമേനികൾക്കു് മദ്ബഹയിൽ കയറാൻ അനുവാദമുണ്ടായിരുന്നില്ല. തൻമൂലം ആരും അംത്താരയിൽ കയറാതെ കാരണവർ തിരിച്ചുവരുന്നതു കാത്തുനിന്നു. എന്നാൽ മദ്ബഹയിൽ കയറിയ കാരണവർ, അതിന്റെ തെക്കുവശത്തുള്ള കിളിവാതിലിന്റെ അഴി അകത്തി പുറത്തുചാടി രക്ഷപ്പെട്ടു. ആ കാരണവർ തേക്കിലക്കാടൻ കുടുംബത്തിലെ അംഗമായിരുന്നുവത്രെ. അന്നുമുതൽ 'ഇടയിൽചാടി,' 'കിളിവാതുക്കൽ' ചാടി എന്നിങ്ങനെ കളിപ്പേരുകളും അവർക്കുകിട്ടി. പിന്നീടു് അതു് 'ഇടയ്ക്കാട്ടുകുടി' ആയി മാറി എന്നാണു പറയുന്നതു്. അവർക്കു് 'തേക്കിലക്കാടൻ' എന്ന പേരുവന്നതിനും ചരിത്രമുണ്ടു്. അന്നു കർത്താക്കന്മാരുടെ വാഴ്ചകാലമായിരുന്നു. ഒരു ദിവസം കർത്താവു മുറ്റത്തുകൂടി ഉലാത്തുമ്പോൾ ഒരു പയ്യൻ തേക്കിലയും കൊണ്ടുപോകുന്നതു കണ്ടു. ആ പയ്യൻ സാധു കുടുംബത്തിൽപെട്ടതാണെന്നും അല്ലെങ്കിൽ തേക്കിലവിൽക്കാൻ പോകുകയില്ലെന്നും തോന്നിയ അദ്ദേഹം തന്റെ സേവകരെ വിളിച്ചു്, ആ പയ്യനുവേണ്ട സഹായം ചെയ്യുവാൻ ഉത്തരവി

ട്ടു. സേവകർ 'തേക്കിലക്കാരാ, തേക്കിലക്കാരാ' എന്നു വിളിച്ചെന്നും ആ പേരു് തേക്കിലക്കാടനായി മാറിയെന്നുമാണു കേൾക്കുന്നതു്.

പുത്തൻപള്ളി

ശനിയാഴ്ചത്തെ മാംസഭക്ഷണം തുടങ്ങിയുള്ള കാരണങ്ങളാൽ പതിനെട്ടു കുടുംബക്കാരിൽ ചിലർ കൂട്ടുപിരിഞ്ഞു് വേറെ പള്ളിവെച്ചു. ചെറിയപള്ളിയുടെ തെക്കുവശത്തുള്ള, ഇപ്പോഴും കൊള്ളിക്കാടു് എന്നു വിളിക്കുന്നകുന്നിന്റെ മുകളിലായിരുന്ന കർത്താക്കന്മാരുടെ അനുവാദത്തോടെ പുതിയ പള്ളി സ്ഥാപിച്ചതു്. എന്നാൽ പ്രസ്തുത പള്ളി 'ചെറിയപള്ളി'ക്കാരായ എതിർകക്ഷിക്കാർ തീവെച്ചു നശിപ്പിച്ചു. തന്മൂലം പുത്തൻപള്ളി (കത്തോലിക്കാപള്ളി) ഇപ്പോഴും ഇരിക്കുന്ന മുണ്ടയ്ക്കാക്കടിയിൽ വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിൽ പുനഃസ്ഥാപിച്ചു. അങ്ങനെ മൂന്നാമത്തെ പള്ളിയും സ്ഥാപിതമായി. ഈ പള്ളിയുടെ സ്ഥാപനത്തിനു് പ്രധാന പങ്കുവഹിച്ചതു്, പരസ്പരം അളിയന്മാരായ മുണ്ടയ്ക്കലെയും ഇലഞ്ഞിയ്ക്കലെയും കാരണവന്മാരായിരുന്നു. ഇക്കാലത്താണു് 'ക്നനൻകുരിശു' സത്യത്തെത്തുടർന്നു് സുറിയാനി ക്രിസ്ത്യാനികളും പഴയ കൂറുകാരെന്നും പുത്തൻകൂറുകാരെന്നും രണ്ടു വിഭാഗങ്ങളായി തിരിഞ്ഞതു്. ഇതിൽ മുണ്ടയ്ക്കൽ കുടുംബക്കാർ പഴയകൂറിൽതന്നെ നിലനിന്നു. വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിൽ പണിത പള്ളിയുടെ പേരു് കാലാന്തരത്തിൽ വിശുദ്ധ ഗീവർഗീസിന്റെ നാമത്തിലാക്കി, ആ പള്ളി പൊളിച്ചു് പുതിയ പള്ളി പണിതു. പിന്നീടു് ആ പള്ളി പൊളിച്ചു് കരിങ്കല്ലിൽ നിർമ്മിതമായ ഇപ്പോഴത്തെ പള്ളിയ്ക്കു് (കത്തീഡ്രൽപള്ളി) 1920-ൽ ശിലാ

സ്ഥാപനം നടത്തുകയും ഒരു ഭാഗം മാത്രം പണിതീർത്തു് 1943 – ൽ വെഞ്ചരിപ്പു കർമ്മം നടത്തുകയും ചെയ്തു. ബാക്കിയുണ്ടായിരുന്ന പടിഞ്ഞാറുഭാഗം 1957 ജനുവരി 10-ാംനു പണി പൂർത്തിയാക്കി. അന്നാണു് കോതമംഗലം രൂപതയുടെ ഉൽഘാടനം നടന്നതും.

അങ്ങനെ ചെറിയ പള്ളിയിൽനിന്നും പിരിഞ്ഞു പോന്ന മുണ്ടയ്ക്കലെയും ഇലഞ്ഞിയ്ക്കലെയും കാരണവന്മാർ ചെറിയപള്ളിയുടെ ആസ്തിയുടെ പതിനെട്ടിൽ രണ്ടു ഭാഗം തങ്ങൾക്കവകാശപ്പെട്ടതെന്നും അതു കിട്ടണമെന്നും പറഞ്ഞു. മറ്റുള്ളവർ ആ ആവശ്യം നിരസിച്ചതിനാൽ കാരണവന്മാർ ഇരുവരും തിരുവനന്തപുരത്തു പോയി രാജാവിനെ കണ്ടു് ചെമ്പുതകിടിൽ കല്പന വാങ്ങിക്കൊണ്ടുവന്നു. ഈ കല്പന വാങ്ങിയതിനെപ്പറ്റി ഒരു കഥയുണ്ടു്. രണ്ടുപേരും തിരുവനന്തപുരത്തുപോയി മഹാരാജാവിനെ കാണുവാൻ അവസരം പാർത്തു കിടന്നു. അന്നു് രാജാവിനെ മുഖം കാണിക്കുക അത്ര എളുപ്പമുള്ള കാര്യമല്ലാഞ്ഞതിനാൽ ആറുമാസം അവിടെ താമസിക്കേണ്ടിവന്നു. അങ്ങനെയിരിക്കെ തമിഴ്നാട്ടിലെ രാജാവിന്റെ ഒരു കത്തു് തിരുവനന്തപുരത്തു രാജധാനിയിലെത്തി. അതു് കോൽത്തമിഴിലുള്ളതായിരുന്നു. അതു വായിക്കുവാൻ കൊട്ടാരത്തിലുള്ളവർക്കാർക്കും അറിയാമായിരുന്നില്ല. എഴുത്തു വായിക്കുവാനറിയാവുന്ന ആളെ രാജാവു പല സ്ഥലങ്ങളിലും അന്വേഷിച്ചു. അപ്പോഴാണു് കോതമംഗലത്തുനിന്നു് രണ്ടാളും വന്നിട്ടുണ്ടെന്നും അവരിൽ ഒരാൾക്കു് കോൽത്തമിഴ് അറിയാമെന്നും മനസ്സിലായതു്. ഉടനെ അവരെ വരുത്തി എഴുത്തു് വായിപ്പിച്ചു. സന്തുഷ്ടനായ രാജാവു് അവർ വന്ന കാര്യം അന്വേഷിക്കുകയും സാധു ഭാഗിച്ചു കൊടുക്കുന്നതിനു് ചെമ്പുതകിടിൽ കല്പന എഴുതിക്കൊടുക്കുകയും ചെയ്തു. കല്പന വാങ്ങി സന്തോഷത്തോടെ തിരിച്ചു

പോന്ന കാരണവന്മാരിൽ ഒരാൾ വഴിമദ്ധ്യേ വസൂരി പിടിപെട്ട മരിച്ചു. ദേവാലയത്തെ ഭാഗിക്കാൻ ശ്രമിച്ചതിലുള്ള ദൈവകോപമാണു് മരണകാരണമെന്നു കരുതി ദുഃഖിതനും ഭയവിഹ്വലനുമായി അപരൻ വീട്ടിലേക്കു് യാത്ര തുടർന്നു. എന്നാൽ ഇപ്പോഴും ഏകനല്ലെന്നു് എന്നു പറയുന്ന സ്ഥലത്തു വന്നപ്പോൾ കള്ളന്മാർ ആക്രമിക്കുകയും കൈയിലുണ്ടായിരുന്നവ കൊള്ളയടിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ ചെമ്പുതകിടു് നഷ്ടപ്പെട്ടു. സ്വത്തു ഭാഗിച്ചുകൊടുക്കുവാൻ വിസമ്മതിച്ച മറ്റു കുടുംബക്കാർ കള്ളന്മാരെ ചട്ടംകെട്ടി രാജകലപന വാങ്ങിയതാണെന്നാണു് പറയുന്നതു്. കാരണം പ്രസ്തുത ചെമ്പുതകിടു് ചെറിയപള്ളിയിൽ ഉണ്ടായിരുന്നതായും ഒരിക്കൽ പുലിക്കോട്ടു് മെത്രാൻ വന്നപ്പോൾ കൊണ്ടുപോയതായും പറയുന്നു. ഇതാണു് കഥ.

മുണ്ടയ്ക്കൽ കുടുംബം

നമ്പൂതിരി കുടുംബത്തിൽപ്പെട്ട മുണ്ടയ്ക്കൽ കുടുംബക്കാർ അമ്പലപ്പുഴ താലൂക്കിൽ വെളിയനാടു് എന്ന സ്ഥലത്തുനിന്നു് കോതമംഗലത്തു് കുടിയേറിപ്പാർത്തവരാണു് എന്നാണറിയുന്നതു്. ''ഉണ്ണിനീലി'' സന്ദേശത്തിലെ ഉണ്ണിനീലിയ്ക്കു് മുണ്ടയ്ക്കൽ കുടുംബവുമായി ബന്ധമുണ്ടെന്നും പറയപ്പെടുന്നു. കോതമംഗലം, ചമ്പക്കുളം, രാമപുരം, സുൽത്താൻബത്തേരി തുടങ്ങി കേരളത്തിൽ പല സ്ഥലത്തും വ്യാപിച്ചു കിടക്കുന്ന മുണ്ടയ്ക്കൽ കുടുംബത്തിനു് കോതമംഗലത്തു് വളരെ പഴക്കമുണ്ടെന്നാണു് പറഞ്ഞുകേട്ടിട്ടുള്ളതു്.

കോതമംഗലത്തെ മുണ്ടയ്ക്കൽ കുടുംബത്തിനു് പ
ലയിടത്തുമുള്ള പുരാതന കുടുംബങ്ങളിൽനിന്നും ബന്ധുത
ഉണ്ടായിട്ടുണ്ടു്. ഇടക്കളത്തു്ഉക്കൻ, കുറവിലങ്ങാട്ടു്
നിധീരി, കൊറ്റമത്തിയിൽ കുന്നത്തോട്ടത്തി, കോത
മംഗലത്തെ ഇലഞ്ഞിക്കൽ, ഓലിയപ്പുറം, പെരുമ്പിള്ളി
ച്ചിറ കുടുംബങ്ങം, വടക്കൻ പറവൂർ നെടുന്തള്ളി മാളി
യേക്കൽ, (ഉമ്പാച്ചൻ) കുത്തിയതോട്ടിൽ തച്ചിൽ, കാ
ഞ്ഞൂർ പാറയ്ക്ക തുടങ്ങിയ കുടുംബങ്ങം അതിൽപ്പെ
ടുന്നു.


കോതമംഗലത്തു് ഇപ്പോഴുള്ള മുണ്ടയ്ക്കൽ കുടുംബം
പല ഭാഗങ്ങളായി തിരിഞ്ഞിരിക്കുകയാണു്. മുണ്ടയ്ക്കൽ
കുടുംബത്തിലെ ഒരു സ്ത്രീയെ പെരിങ്ങഴ തോട്ടങ്ങൽ
കുടുംബത്തിൽ ഒരാം വിവാഹം കഴിച്ചെങ്കിലും സ്വത്ത
വകാശം ഹേതുവായി കോതമംഗലത്തു് വന്നു് താമ
സിച്ചതിനാൽ തോട്ടങ്ങലായ മുണ്ടയ്ക്കൽ പിന്നീടു്
മുണ്ടയ്ക്കൽ മാത്രമായി മാറി. അതുപോലെതന്നെ ആ
ക്കഴ മണിയാട്ടു് വിവാഹം ചെയ്തയച്ച സ്ത്രീയും
സ്വത്തവകാശം മൂലം കോതമംഗലത്തു് വന്നു് താമസി
ച്ചതിനാൽ മണിയാട്ടു് മുണ്ടയ്ക്കലായിരുന്നതു് കാലാ
ന്തരത്തിൽ മുണ്ടയ്ക്കൽ മാത്രമായിട്ടുണ്ടു്.

മുണ്ടയ്ക്കൽ കുടുംബത്തിലെ ഒരംഗമായ വറീയ്തു്
കോതമംഗലത്തു് ഓലിയപ്പുറം കുടുംബത്തിലെ കുഞ്ഞേ
ലിയ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. കുഞ്ഞേലിയ
1889-ാമാണ്ടു് ഇഹലോകവാസം വെടിഞ്ഞു. ഈ ദമ്പ
തികൾക്കു് വർക്കി എന്ന ഏക പുത്രൻ മാത്രമേ ഉണ്ടാ
യിരുന്നുള്ളു. അദ്ദേഹം 1844-ാമാണ്ടു് ജനിക്കുകയും 1921
-ാമാണ്ടു് മരിക്കുകയും ചെയ്തു. ടിയാൻ വടക്കും പറവൂർ

നെടുന്തള്ളി മാളിയേക്കൽ (ഉമ്പാച്ചൻ) നിന്നു് അച്ചുണ്ണി യെയാണു് വിവാഹം കഴിച്ചിരുന്നതു്. 1850–ാമാണ്ടു് ജനിച്ച അച്ചുണ്ണി 1920 ഏപ്രിൽ 3 നു് പരലോക പ്രാപ്തയായി.

ഇവരുടെ ദാമ്പത്യജീവിതത്തിൽ ഇവർക്കു് 1 പെണ്ണും 4 ആണുങ്ങളും ജനിച്ചു. മറിയം, ആഗസ്തി, ചാക്കു് ചെറിയ, കൊച്ചൗസേപ്പു്, പൗലോസു് എന്നിവരായിരുന്ന അവർ. ഇതിൽ മകളായ മറിയം 1871 നു് ജനിച്ചു. കോതമംഗലത്തു് പെരുമ്പിള്ളിച്ചിറ കുടുംബത്തിൽ വക്കിയെന്നയാളെ മറിയത്തെ വിവാഹം കഴിച്ചു. ഒരാൺകുട്ടി ജനിച്ചശേഷം ഭർത്താവു് മരിച്ചതിനാൽ ടി മറിയം മകനും ഒരുമിച്ചു് മുണ്ടയ്ക്കൽ കുടുംബത്തിൽ വന്നു് താമസിച്ചു. 1942 ഫെബ്രുവരി 19 നു് നിര്യാതയായി. അവരുടെ ഏക പുത്രനായ ചെറിയ കോതമംഗലത്തു് പോത്താനിക്കാട്ടു് കുരുവിളയുടെ മകളെ മറീമ്മയെ വിവാഹം കഴിച്ചെങ്കിലും സന്താനങ്ങളെ ഉണ്ടാകുന്നതിനു മുൻപു തന്നെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ആഗസ്തി വറിയ്ക്കു വർക്കിയുടെ മൂത്ത മകനായ ആഗസ്തി കോതമംഗലം കത്തോലിക്കാ പള്ളിയുടെ (ഇപ്പോഴത്തെ കത്തീഡ്രൽ പള്ളി) വടക്കു വശത്തുള്ള അങ്ങാടിയുടെ വടക്കേയറ്റത്തു് സ്ഥിതിചെയ്യുന്ന മർത്തമറിയം ചെറിയപള്ളിവക കുരിശിന്റെ വടക്കുവശത്തുള്ള മുണ്ടയ്ക്കൽ തറവാട്ടിലാണു് താമസിച്ചിരുന്നതു്. മുകളിൽ പറഞ്ഞിരിക്കുന്നതു വറിയ്ക്കിന്റെ മുൻഗാമികളും താമസിച്ചിരുന്ന ഈ കുടുംബം മുണ്ടയ്ക്കൽ കുടുംബത്തിന്റെ ഇപ്പോഴത്തെ മൂല തറവാട്ടു് എന്നു കരുതപ്പെടുന്നു. ഇപ്പോൾ ആഗസ്തിയുടെ മകനായ ഔസേപ്പച്ചനാണു്



മുണ്ടയ്ക്കൽ കുടുംബത്തിന്റെ മൂലതറവാട്

താമസിക്കുന്നത്. ആഗസ്റ്റ് 1875 മേയ് 10 നു് ജനിച്ചു. 1954 ജൂലൈ 5 നു് മരണം പ്രാപിച്ചു. ടിയാൻ അങ്കമാലിയിൽ മൂഞ്ഞേലി കുടുംബത്തിൽനിന്നു് വിവാഹം കഴിച്ചെങ്കിലും സന്താനങ്ങളും ഉണ്ടാകുന്നതിനുമുമ്പു് ഭാര്യ മരിച്ചതിനാൽ വടക്കൻ കുത്തിയതോട്ടു് തച്ചിൽ

ഇട്ടിരയുടെ മകനും റോസയെ 1903 ഫെബ്രുവരി 18നു് വിവാഹം കഴിച്ചു. പ്രസ്തുത റോസ 1879 ഫെബ്രുവരി 28 നു്ജനിക്കുകയും 1956 ജൂൺ 20നു് മരിക്കുകയും ചെയ്തു. ആഗസ്തി ഒരു കൃഷിക്കാരനായിരുന്നു. ഇവർക്കു് 8 സന്താനങ്ങളും ഉണ്ടായെങ്കിലും 5 പേർ ബാല്യത്തിൽത്തന്നെ മരിച്ചു. ശേഷിച്ചവർ കുഞ്ഞന്നം, കുഞ്ഞേലിയ, ഔസേപ്പച്ചൻ എന്നിവരായിരുന്നു. ഇതിൽ കുഞ്ഞന്നം 1915 മാർച്ചു്5നു് ജനിച്ചു. 1932 മെയു് 30നു് വിവാഹം കഴിച്ചു. മഞ്ഞപ്ര വടക്കഞ്ചേരി ആഗസ്തിയുടെ മകൻ കൊച്ചാപ്പു ആയിരുന്നു വിവാഹം കഴിച്ചതു്. 3 പെണ്ണുങ്ങളും 1 ആണും ജനിച്ചശേഷം കൊച്ചാപ്പു മരണം വരിച്ചു. രണ്ടാം മകനും കുഞ്ഞേലിയ 1919 മേയു് 9 നു് ജനിച്ചു. കേവലം 13 വയസ്സുള്ളപ്പോഴും സെക്കൻറു് ഫോമിൽ (6–ാം സ്റ്റാൻഡാർഡു്) പഠിക്കുമ്പോഴും കന്യകാമഠത്തിൽ ചേർന്നു. 1932 നവംബർ 9 നു് മഠത്തിൽ ചേർന്ന കുഞ്ഞേലിയ 1934 ജനുവരി 6 നു് Sr. ജമ്മ എന്ന പേരോടുകൂടി സഭാവസ്ത്രം സ്വീകരിച്ചു. 1936 ജനുവരി 29 നു് നിത്യ പറഞ്ഞൊപ്പും നടത്തി. സലേഷ്യൻ മിഷനറീസു് ഓഫു് മേരി ഇമ്മാകുലേറ്റു് (S M M I) എന്ന സഭയിൽ ചേർന്നു് മിഷ്യൻ പ്രവർത്തനം നടത്തുന്ന ഈ സിസു്റ്റർ കോതമംഗലത്തു നിന്നു് ആദ്യമായി മിഷൻ വേലക്കായി പുറപ്പെട്ട 4 കന്യകമാരിൽ ഒരാളായിരുന്നു. ഈ സഹോദരിയുടെ പിതൃസഹോദരപുത്രിയായ Sr. മേരി ബനഡിക്റ്റു്, ഇലഞ്ഞിക്കൽ കുടുംബാംഗമായ മേരി ജറാർഡു്, ഓലിയപ്പുറം കുടുംബാംഗമായ Sr. മേരി തിമോത്തി എന്നിവരായിരുന്ന മറ്റു 3 പേർ. ബാങ്കളൂർ ചാമരാജുപെട്ടിലുള്ള സെൻറു് മേരീസു് കോൺവെൻറിലാണു് ഇവർ ചേർന്നതു്. Sr. ജമ്മ ബാങ്കളൂർ കൂടാതെ

മൈസൂർ, കെങ്കേരി, തുംഗൂർ, സേലം എന്നിവിടങ്ങളി ലുള്ള അവരുടെ മഠങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആതുര ശ്രുശ്രൂഷയും, ഹൈസ്കൂൾ അദ്ധ്യാപനവും കഴിഞ്ഞു് റിട്ടയർചെയ്തു് ബാങ്കളൂർ മഠത്ത ൽ സ്ഥായിരിക്കു കയാണു്. എങ്കിലും CMI വൈദികരുടെ സെമിനാരി യായ ധർമ്മരാം കോളേജിൽ വിദ്യാർത്ഥികളെ കന്നഡ പഠിപ്പിക്കുന്ന ജോലിയിൽ ഇപ്പോഴും വ്യാപൃതയാണു്.



സിസ്റ്റർ ജമ്മ

ആഗസ്തിയുടെ ഏക മകനായ ഔസേപ്പച്ചൻ (എം. എ. ജോസഫ് – ഗ്രന്ഥകർത്താവു്) 1923 സെപ്തമ്പർ 26–ാം തീയതി ജനിച്ചു. S.S.L.C. വിദ്യാഭ്യാസം കഴിഞ്ഞു് 1945 മെയ് 7–ാം തീയതി വിവാഹം കഴിച്ചു. കൃഷിയിൽ വ്യാപൃതനായ അദ്ദേഹം മറ്റൂർ കുടിയിരി പ്പിൽ കൊച്ചുവർക്കിയുടെ മകളെ സെലീനയെ വിവാഹം ചെയ്തു. 36 കൊല്ലം സെൻറ്വിൻസെൻറ് ഡിപോൾ സ

ത്തിൽ പ്രവർത്തിച്ച ഇദ്ദേഹം ഏതാനും വർഷം ശ്രപ താ എക്സിക്യൂട്ടീവ് കമ്മറിയിലുമുണ്ടായിരുന്നു. കൂടാ തെ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ (ഫ്രാൻസി സ്ക്കൻ അസോസിയേഷൻ) കോതമംഗലം ശ്രപതാ പ്രസിഡൻറായും 8 വർഷക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ഇവർക്ക് 7 ആൺമക്കളും 4 പെൺമക്കളുമുണ്ട്.

ഇവരിൽ മൂത്തമകൻ ആഗസ്തി (ആഗി) 1946 ജൂൺ 6 നു് ജനിച്ചു. S.S.L.C.യും മെക്കാനിക്കൽ കോഴ്സു് പഠിച്ചു് ഡിഫൻസിൽ ചേർന്നു് രാജ്യരക്ഷാ കാര്യത്തിലാണു്. മൂവാറ്റുപുഴ കിഴക്കേഭാഗം പൈലിയുടെ മകനും ഫിലോമിനയെ 1975 ഏപ്രിൽ 13നു് വിവാഹം കഴിച്ചു. അവർക്ക് ജോസഫ് (ആൽഫി) സെലിൻ (ഡയാന) എന്നിങ്ങനെ 2 മക്കളുണ്ട്. ഔസേപ്പച്ചന്റെ രണ്ടാമത്തെ മകൻ ജോർജു് 1949 മാർച്ചു് 5 നു് ജനിച്ചു. മെക്കാനിക്കൽ കോഴ്സു് പഠിച്ചു് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ (K.S.R.T.C.) ടയർ ഇൻസ്പെക്ടറായി ജോലി നോക്കുന്നു. ആളൂർ അരിക്കാടൻ ദേവസിക്കുട്ടിയുടെ മകനും ജസിയെ 1976 ആഗസ്റ്റ് 22 നു് വിവാഹം കഴിച്ചു. അവർക്ക് ദേവസിക്കുട്ടി (ആശിക്ക്) ജോസഫ് (അനൂബ്) എന്നിങ്ങനെ 2 ആൺമക്കളുണ്ട്. അവർ മൂവാറ്റുപുഴ നിർമ്മല കോളേജിനു് വടക്കുവശം താമസിക്കുന്നു. മൂന്നാമത്തെ മകൻ പോളി 1951 ഒക്ടോബർ 13 നു് ജനിച്ചു. ടിയാൻ K.S.R.T.C.യിൽ ടയർ ഇൻസ്പെക്റ്ററായി ജോലി നോക്കുന്നു. താണിപ്പുഴ ഇഞ്ചിപ്പറമ്പൻ പൈലിയുടെ മകനും കൊച്ചുറാണിയെ 1978 നവംബർ 12-ാം തീയതി വിവാഹം കഴിച്ചു. സെലിൻ ത്രേസ്യ (ഫസ്റ്റി) ജോസ് പോളും എന്നിങ്ങനെ ഒരാൺകുട്ടിയും ഒരു പെൺ

കുട്ടിയുമുണ്ട്. അടുത്ത മകൻ ആന്റോ 1954 ജൂൺ 27 നു് ജനിച്ചു. കുറവിലങ്ങാട്ടു് വഴാമല മറ്റത്തിൽ സിറിയിക്കിന്റെ മകനും ജോസിയെ 1984 ജനുവരി 15നു് വിവാഹം കഴിച്ചു. B.A. പാസായ ആന്റോ സൗത്ത് ഇന്ത്യൻ ബാങ്കു് ഓഫു് ഇൻഡ്യയിലും B.S.C. പാസായ ജോസി കാത്തലിക്കു് സിറിയൻ ബാങ്കിലും ഉദ്യോഗസ്ഥരാണു്. സെലിൻ റോസു് (ചിന്നു) കുര്യൻ ജോസു് എന്നിവരാണു് മക്കളും. ഔസേപ്പച്ചന്റെ മൂത്ത മകളായ ജസി 1955 സെപ്തമ്പർ 20 നു് ജനിച്ചു. 1981 ജൂൺ 28-ാം തീയതി മൂവാറ്റുപുഴ മൂലമറ്റത്തിൽ ഡോ. മാനുവൽ സെബാസ്റ്റ്യൻ ജസിയെ വിവാഹം കഴിച്ചു. ഇപ്പോഴും ഒരു പെൺകുട്ടിയുണ്ടു്. അഞ്ചാമത്തെ മകനായ ഫ്രാൻസീസു് 1958 ഡിസംബർ 3 നു് ജനിച്ചു. S.S.L.C. യും ഓട്ടോമൊബൈലിൽ I.T.I.യും പാസായ ഫ്രാൻസീസു് കോൺട്രാക്ടറു് വർക്കുകളും നടത്തുന്നു. 1988 നവമ്പർ 27-ാം തീയതി വാഴക്കുളത്തു് (കാവന) വെട്ടുകല്ലുപുറം ജോസഫിന്റെ മകനും ലില്ലി M.A.യെ വിവാഹം കഴിച്ചു. കൊച്ചൗസേഫു് എന്ന മകനുണ്ടു്. 6-ാം മത്തെ മകൻ അബ്രാഹം (വാവച്ചൻ) 1960 നവംബർ 27 നു് ജനിച്ചു. ഫുഡു് ക്രാഫ്റ്റു് കോഴ്സു് പാസായ വാവച്ചൻ മദ്രാസിൽ ജോലി നോക്കുന്നു. പെരിങ്ങഴ പൊരുന്നേടത്തു് വർക്കി സാറിന്റെ മകനും ലാലി B.A. യെ 1990 ഒക്ടോബർ 21 നു് വിവാഹം കഴിച്ചു. ഇരട്ടകളായി ജനിച്ച മേഴ്സിയും ലൂസിയുമാണു് ഔസേപ്പച്ചന്റെ അടുത്ത മക്കളും. ഇതിൽ മേഴ്സിയെ 1990 ഡിസംബർ 27 നു് ആയവന കിഴക്കേടത്തു് മാത്യുവിന്റെ മകൻ സിബി വിവാഹം ചെയ്തു. 1968 സെപ്തമ്പർ 2 നു് ജനിച്ച ജമ്മറീത്തയും 1971 ജൂൺ 5 നു് ജനിച്ച വിൻസന്റും കോളേജുകളിൽ പഠിക്കുന്നു.

ചാക്കു ചെറിയ വറിയ്ത്തു് വർക്കിയുടെ രണ്ടാമത്തെ മകനായ ചാക്കു ചെറിയ 1880 ഏപ്രിൽ 28-ാം തീയതി ജനിച്ചു. 1957 സെപ്തമ്പർ 30 നു് മരിച്ചു. മലയും കീഴിൽ പാലമറ്റം നിലത്തിന്റെ കരയിലുള്ള ഭവനത്തിലാണു് താമസിച്ചിരുന്നതു്. കൃഷിക്കാരനായിരുന്ന ചാക്കു ചെറിയ കോതമംഗലത്തു് കാരക്കൊമ്പിൽ കുടുംബത്തിൽ (കള്ളാട്ടിക്കാരൻ) നിന്നു് വിവാഹം കഴിച്ചെങ്കിലും ഭാര്യ മരിച്ചതിനാൽ 1903 ഫെബ്രുവരി 16 നു് കാഞ്ഞൂർ പാറയ്ക്കപൊറുഞ്ഞുണ്ണിയുടെ മകനും റോസയെ വിവാഹം കഴിച്ചു. ടി റോസ 1884 നവംബർ 28നു് ജനിച്ചു. 1978 ആഗസ്റ്റ് 12 നു് മരിക്കുകയും ചെയ്തു. ഇവർക്കു് 6 ആൺമക്കളും 2 പെൺമക്കളും ജനിച്ചു.

ഇതിൽ മൂത്ത മകനായ വർക്കി 1904 നവംബർ 3 നു് ജനിച്ചു. വിദ്യാഭ്യാസാനന്തരം ഇംഗ്ലീഷുകാരുടെ വകയായ കണ്ണൻദേവൻ തേയിലത്തോട്ടത്തിൽ വളരെക്കാലം ജോലി നോക്കി. അവിടെ നിന്നു് പിരിഞ്ഞശേഷം കുടുംബകാര്യങ്ങളും അന്വേഷിച്ചുപോന്നു. 1967 നവംബർ 7-ാം തീയതി പരലോക പ്രാപ്തനായി. ടി വർക്കി വരാപ്പുഴ തളിയത്തു് കുഞ്ഞുവറിയതിന്റെ മകനും മേരി (താണ്ടമ്മ) യെ ആണു് വിവാഹംകഴിച്ചതു്. താണ്ടമ്മ 1945 ഏപ്രിൽ 29 നു് നിര്യാതയായി. ഇവർക്കു് ചെറിയ (ബേബി) ജോർജ് (ജോയി)എന്നീ ആൺമക്കളും റോസി, ആലീസ്, ലീലാമ്മ, ലിസി എന്നീ പെൺമക്കളും ജനിച്ചു. ഇതിൽ മൂത്തമകനായ ബേബി 1937 സെപ്തമ്പർ 3 നു് ജനിച്ചു. B.com. കാരനായ ബേബി പൂനയിൽ സാറ്റ് വിക്ഷേപ്യ ലിമിറ്റഡിൽ ഓഫീസറായി ജോലി നോക്കുന്നു. ടിയാൻ കയനകരി പുത്തമംഗലം തോമസിന്റെ മകനും ത്രേസ്യയെ (തെയ്യാമ്മ)

വിവാഹം ചെയ്തു. ജോലിക്കാരായ രണ്ടുപേരും പൂന യിൽ താമസിക്കുന്നു. ഇവർക്ക് ജോർജ്, സുബിൻ, റാണി എന്നിങ്ങനെ 2 ആണും 1 പെണ്ണും മക്കളായിട്ടുണ്ട്. രണ്ടാ മത്തെ മകനായ ജോയി 1941 ജൂലൈ 20നു് ജനിച്ചു. M.A. പാസായശേഷം ഒന്നരവർഷക്കാലം ലണ്ടനിലും 11 വർഷം ജർമ്മനിയിലും ജോലി നോക്കിയിട്ടുണ്ട്. അവിടെ നിന്നു് തിരിച്ചു് വന്നു് ഇപ്പോൾ കൃഷിയിലും പൊതുക്കാര്യത്തിലും വ്യാപൃതനായിരിക്കുകയാണു്. ടി യാൻ കല്ലൂർ നെടുങ്ങാട്ടു് ജോസഫിന്റെ മകനും സിസി ലിയെ 1976-ാമാണ്ടു് വിവാഹം കഴിച്ചു. അവർക്കു് ജസി മരിയ, ജോയിസു് എന്നിങ്ങനെ ഒരാൺകുട്ടിയും, ഒരുപെൺകുട്ടിയുമുണ്ടു്. ഈ കുടുംബം പെരിങ്ങഴപള്ളിക്കു് സമീപം താമസിക്കുന്നു. ചാക്കു ചെറിയ വർക്കിയുടെ മൂത്തമകളായ റോസി മെഡിക്കൽ സിസ്റ്റേഴ്സു് ഓഫു് സെന്റു് ജോസഫു് (ധർമ്മഗിരി) സഭാ സമൂഹത്തിൽ 1960 സെപ്തമ്പർ 8-ാം തീയതി ചേർന്നു. സി. യൂജിൻ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ ആശുപത്രികളിൽ ആതുരശ്രൂശ്രൂഷയിൽ മുഴുകി ജീവിക്കുന്നു. രണ്ടാമത്തെ മകനും ആലീസു് അവിവാഹിതയായി കഴിയുന്നു. മൂന്നാ മത്തെ മകനും ലീലാമ്മയെ തൃപ്പൂണിത്തുറയടുത്തു് ഇരുമ്പന ത്തു് ആനാംതുരുത്തിൽ സ്ക്കറിയ മകൻ ജേക്കബു് വി വാഹം കഴിച്ചു. നാലാമത്തെ മകനും ലിസി ജർമ്മനി യിൽ സെൻറു് ലിയോബ ബനഡിക്റ്റയിൽ കന്യകാ ലയത്തിൽ 1966 സെപ്തബർ 28 നു് സി. റഡംപ്റ്റ എന്ന പേരോടു് കൂടിചേർന്നു. കുറെ നാളം അവിടെ പ്ര വർത്തിച്ചശേഷം ഇപ്പോൾ മദ്ധ്യപ്രദേശിൽ ബീഗംഗഞ്ചു് എന്ന സ്ഥലത്തുള്ള അവരുടെവക കന്യകാമഠത്തിൽ സേ വനം അനുഷ്ഠിക്കുന്നു.



സിസ്റ്റർ റഡംപ്റ്റ

ചാക്കേ ചെറിയ വർക്കിയുടെ ഭാര്യ താണ്ടമ്മ മരിച്ച പ്പോഴം അനുജത്തി അന്നംകുട്ടിയെ 1948 ഒക്ടോബർ 18 നു് വിവാഹം കഴിച്ചു. ഇവർക്കു് ജോസഫ്(ജോഷി) തോമസ് (ടോമി) എന്നീ ആണുങ്ങളും ഫിൽമി, ജോളി എൽസി, ഷെർളി എന്നീ പെൺമക്കളുമുണ്ടായി. വീട്ടു കാര്യങ്ങളം അനേഷിക്കുന്ന ജോഷി 1956 മേയ് 21 നു് ജനിച്ചു. ചേരാമല്ലൂർ ചിറയത്തു് ജോസഫിന്റെ മകനം ലിസിയെയാണു് 1988 ജൂലൈ മാസത്തിൽ ജോഷി വിവാഹം കഴിച്ചതു്. രണ്ടാമത്തെ മകൻ ടോമി 1959 മാർച്ചു് 13 നു് ജനിച്ചു. B.Com. പാസാ യ ടോമി ഏറ്റുമാനൂർ തെക്കയിൽ ജോസഫിന്റെ മകനം ലീസമ്മയെ 1987 ഡിസംബർ 10 നു് വി വാഹം കഴിച്ചു. സ്വിറ്റ്സർലണ്ടിൽ ജോലിക്കാരായ ഇരുവരും അവിടെത്തന്നെ താമസിക്കുന്നു. അവർക്കു് സ്വീറ്റി എന്ന പെൺകുട്ടിയുണ്ടു്. ചാക്കേ ചെറിയ വർ ക്കിയുടെ മകനം ഫിൽമിയെ ചാലക്കുടിയിൽ ഇളങ്കുന്ന പ്പുഴ അഡ്വക്കേറ്റ് മാത്യുവിന്റെ മകൻ രാജു വിവാ

ഹം കഴിച്ചു. അടുത്ത മകനം ജോളി B.A. അവിവാ ഹിതയാണു്. അടുത്ത മകനം എൽസിയെ അർത്തുങ്കൽ കുരിശുപുരയ്ക്കൽ ഹെൻട്രിയുടെ മകൻ ജോളി വിവാ ഹം കഴിച്ചു. ഇളയ മകനം ഷെർളി B.Com. പാസായി സ്റ്റേറ്റ് ബാങ്കു് ഓഫ് ട്രാവൻകൂറിൽ ജോലിനോക്കുന്നു. കുമ്പംപാറ തച്ചിൽ കുഞ്ഞു് വറിയതിന്റെ മകൻ തോമ സ് ഷെർളിയെ വിവാഹം കഴിച്ചു.

ചാക്കു ചെറിയയുടെ രണ്ടാമത്തെ മകൻ ദേവസി (ചെറിയ) 1909 ജനുവരി മാസം 20 നു് ജനിച്ചു. അവി വാഹിതനായി കുടുംബകാര്യങ്ങളം അന്വേഷിച്ചുവരുന്നു.

അന്നം (അച്ചുണ്ണി) ആയിരുന്ന ചാക്കു ചെറിയയുടെ മൂത്തമകനം 1912-ാംമാണ്ടു് ഫെബ്രുവരി 29-ാം തീയ തി ജനിച്ചു അച്ചുണ്ണി 1932 ൽ മൂകളിൽ പറഞ്ഞ Sr. ജമ്മ യോടൊപ്പം ബാങ്കളൂർ മഠത്തിൽ ചേർന്നു് Sr. മേരി ബനഡിക്റ്റ് എന്ന പേരോടുകൂടി 1936 ജനുവരി 6-ാം തീയതി സഭാവസ്ത്രം സ്വീകരിച്ചു. ആ സഭാസമൂഹ



സിസ്റ്റർ മേരി ബനഡിക്റ്റ്

ത്തിന്റെ പല സ്ഥലങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. Sr. ബനഡിക്ക, Sr. ജമ്മയും ഈ സന്യാസ സഭയിൽ ചേർന്ന് 50 വർഷം തികഞ്ഞതിന്റെ ജൂബിലി 1986 ൽ ബാങ്കളൂർ മഠത്തിൽവച്ച് ആഘോഷിച്ച പ്പോഴും കുടുംബാംഗങ്ങളിൽ നല്ലൊരു പങ്ക് അതിൽ സംബന്ധിച്ചു. ഹൃദ്രോഗിയായതിനാൽ വിശ്രമ ജീവിതം നയിച്ച സിസ്റ്റർ 1988 ജനുവരി 5 ന് ഹൃദയസ്തംഭനം മൂലം നിര്യാതയായി.

ചാക്കു ചെറിയയുടെ മൂന്നാമത്തെ മകനായ ജോസഫ് (പാപ്പു) 1915 ജൂൺ 20 ന് ജനിച്ചു. ചെറുപ്പത്തിലെ വൈദികനാകാൻ ആഗ്രഹിച്ച അദ്ദേഹം 1932 ൽ കർമ്മലീത്ത സഭയിൽ (C.M.I.) ചേർന്ന് വൈദിക പട്ടം സ്വീകരിച്ചു. 1941 ൽ ജോസഫ് ലിഗോരി എന്ന പേരു് സ്വീകരിച്ച് വൈദികനായി.

ഇന്നത്തെ ജൂബിലിയേറിയനായ അദ്ദേഹം ഉത്തരവാദപ്പെട്ട അനേകം സ്ഥാനങ്ങളം അലങ്കരിച്ചിട്ടുണ്ട്, ഫ്രിയോർ ജനറലിന്റെ ആലോചന സമതിയഗമായും. ഛാന്ദ മിഷനിലെ റീജനൽ സുപ്പീരിയറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബാങ്കളൂരിൽ ധർമ്മരാമിന്റെയും ന്യൂഡൽഹിയിലെ സി. എം. ഐ. സെൻറിന്റെയും സ്ഥാപനത്തിൽ ഇദ്ദേഹത്തിനുള്ള പങ്ക് വളരെ വലുതാണു്. C.M.I. സഭയ്ക്കു് പുറമേ ബാങ്കളൂരിൽ സാന്തോം സ്റ്റഡി ഹൗസിലും, മാനന്തവാഡിയിലെ നോബർട്ടൻ സഭയിലും, ആലുവായിൽ കർമ്മല ഗിരിയിലും നോവീസ് മാസ്റ്ററായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ഇപ്പോഴും ധർമ്മരാമിലെ കൂടാതെ കെങ്കേരിയിലെ ബനഡിക്റ്റൻ ആശ്രമത്തിലെ സുപ്പീരിയർ ഡയറക്ടർ കൂടിയാണു്.

എക്ളിസാസ്റ്റിക്കൽ ട്രിബ്യൂണലിൽ വളരെ വിരളമായി മാത്രം ലഭിയ്ക്കുന്ന ഒരു സ്ഥാനമാണ് അതിന്റെ വിധികർത്താക്കളിൽ ഒരാളാകുക എന്നതു്. ഏതാനും വർഷങ്ങൾക്കു് മുമ്പ് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ റെക്ടറായി സേവനം അനുഷ്ഠിച്ച ദിവംഗതനായ റവ. ഫാ. ഔറേലിയൻ O.C.D.യെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു് പരീക്ഷണ നിരീക്ഷണ ഗവേഷണങ്ങൾ നടത്തുന്നതിനായി പരേതനായ വരാപ്പുഴ ആർച്ച് ബിഷപ്പ് ജോസഫ് കേളന്തറയുടെ നേതൃത്വത്തിൽ രൂപം കൊണ്ട എക്ളിസാസ്റ്റിക്കൽ ട്രിബ്യൂണിലെ വിധികർത്താക്കളിൽ ഒരാളായിരുന്നു ഫാ: ലിഗോരി.

ജീവിതത്തിൽ നല്ലൊരു പങ്ക് വിദ്യാഭ്യാസ രംഗത്താണു് അദ്ദേഹം വിനിയോഗിച്ചിട്ടുള്ളതു്. തേവര സേക്രട്ട്ഹാർട്ട് കോളേജിന്റെ ഓഫീസ് മാനേജർ, ടി കോളേജ് ഹോസ്റ്റൽ വാർഡൻ, എന്ന നിലകളിൽ 2 വർഷം സേവനം അനുഷ്ഠിച്ചശേഷം പുളിങ്കുന്ന് ഹൈസ്കൂളിൽ അദ്ധ്യാപകനായി. പിന്നീട് മുത്തോലി ഹൈസ്കൂളിലും, വാഴക്കുളം ഹൈസ്കൂളിലും പ്രഥമ അദ്ധ്യാപകനായി ജോലി നോക്കി. തുടർന്ന് പാലോറയിൻസിന്റെ കീഴിൽ മദ്ധ്യപ്രദേശിലെ റെയിപ്പൂർ സെക്കൻഡറി സ്കൂളിൽ പ്രിൻസിപ്പലായി ചാർജെടുത്തു. അമേരിക്കയിലും തുടർന്ന് കാനഡയിലും ഉന്നതവിദ്യാഭ്യാസം നടത്തി ഡോക്ടറേറ്റ് നേടിയശേഷം 1964 ൽ തേവര കോളേജിൽ തിരിച്ചെത്തി. അവിടെ ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വർക്കിൽ പ്രധാന ലക്ചറർ ആയും പിന്നീട് കേരള യൂണിവേഴ്സിറ്റിയുടെ ചീഫ് എക്സാമിനർ ആയും റിട്ടയർ ചെയ്യുന്ന 1974 വരെ ഫാ. ലിഗോരി സേവനം അനുഷ്ഠിച്ചു.

രണ്ടാമത്തെ മകനും മറിയംകുട്ടി 1917 ജൂലൈ 15 നു് ജനിച്ചു. ടി മറിയംകുട്ടിയെ അങ്കമാലിയിൽ പാറയ്ക്കൽ കൊച്ചുവറിയതിന്റെ മകൻ ജോസഫ് വിവാഹം കഴിച്ചു. അവർക്കു് ഒരു പെണ്ണും 3 ആണുങ്ങളും ഉണ്ടായശേഷം മറിയംകുട്ടി 1947 മേയ് 19 നു് ഇഹലോകവാസം വെടിഞ്ഞു.

ചാക്കച്ചെറിയയുടെ നാലാമത്തെ മകൻ പൗലോസ് 1920 ജൂൺ 20 നു് ജനിച്ചു. 1949 സെപ്റ്റംബർ 7-ാംനു കോതമംഗലത്തു് ഇലഞ്ഞിക്കൽ കുര്യപ്പു് വർക്കിയുടെ മകനും മേരിയെ വിവാഹം കഴിച്ചു. പ്രസ്തുത മേരി 1988 സെപ്റ്റംബർ 9 നു് നിര്യാതയായി റൂബി, ഉഷ, മീന, ജോസു്, കൊച്ചുത്രേസ്യ, മരിയ, ഷെറി, ജോജി, ഷോജി എന്നിങ്ങനെ 9 മക്കളും ഉണ്ടായി. മൂത്ത മകനും റൂബി 1973 ഡിസംബർ 8 നു് റൂബി പോളും എന്നപേരോടു കൂടി മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ് (ധർമ്മഗിരി) എന്ന സഭാസമൂഹത്തിൽ ചേർന്നു് സഭാവസ്ത്രം സ്വീകരിച്ചു.



സിസ്റ്റർ റൂബി പോൾ

രണ്ടാമത്തെ മകനും ഉഷയെ വടക്കുംപറവൂർ മാമ്പ ളളി എബ്രാഹം ജെ. മാഷിന്റെ മകൻ എം.എ. ഡേവീസ് 1980 മേയ് 22നു് വിവാഹം ചെയ്തു. മൂന്നാമത്തെ മകനും മീനയെ 1988 സെപ്തംബർ 25-ാംനു- കുത്തിയ തോട്ടു് മണവാളൻ എം.കെ. പാവുമാഷിന്റെ മകൻ ജോർജ് പി. മണവാളൻ വിവാഹം ചെയ്തു. മൂത്ത മകൻ ജോസ് കുടുംബകാര്യങ്ങളും നടത്തുന്നു. ഷെറി ബാങ്കളൂരിൽ ബിസ്സിനസ് ചെയ്യുന്നു. ജോജി മംഗലാ പുരത്തു് കൃഷിസംബന്ധമായ കാര്യങ്ങളിൽ ഏർപ്പെട്ടി രിക്കുന്നു. ഏറ്റവും ഇളയ മകൻ ഷോജി B.A. പാസ്സാ യി ഉപരിപഠനത്തിനു് തയ്യാറെടുക്കുന്നു.

ചാക്കുചെറിയയുടെ അഞ്ചാമത്തെ മകൻ പൊറുഞ്ഞു (ഫ്രാൻസിസ്) 1922 ഏപ്രിൽ 9-ാം തീയതി ഭ്രജാത നായി. 1951 ജനുവരി 31-ാം തീയതി ഇലഞ്ഞിയിൽ പൗലോസ് തോട്ടത്തിന്റെ മകനും മറിയംകുട്ടിയെ വി വാഹം കഴിച്ചു. മറിയംകുട്ടി 1929 ജനുവരി 1-ാംനു- ജനിച്ചു. ഇവർക്കു് 3 ആണ്മക്കളും 3 പെണ്ണുങ്ങളും ഉണ്ടു്. മൂത്ത മകൻ ജോസ് 1952 ജനുവരി 2-ാംനു- ജനിച്ചു. ടിയാൻ 1984 ജനുവരി 8-ാംനു- മൂവാറ്റുപുഴ മണ്ണത്തുക്കാ രൻ അവരാച്ചന്റെ മകനും മേരിയെ (റാണി) വിവാഹം ചെയ്തു. ഇവർക്കു് 2 ആൺകുട്ടികളും ഉണ്ടു്. മൂത്ത കുട്ടി ഫ്രാൻസിസ് (ജിബി) 1985 ജൂൺ 6-ാംനു- യും രണ്ടാ മത്തെ കുട്ടി എബ്രാഹം (എബി) 1989 സെപ്റ്റംബർ 7—നു- ജനിച്ചു. പൊറുഞ്ഞുവിന്റെ രണ്ടാമത്തെ മകൻ പൗലോസ് (സണ്ണി) 1954 സെപ്റ്റംബർ 6-ാംനു- ജനിച്ചു. മൂന്നാമത്തെ മകൻ ജൂഡ് 1967 നവമ്പർ 10-ാം നു- ജനിച്ചു.

ചാക്കു ചെറിയയുടെ ഇളയ മകനായ ആൻറണി (അന്തോണിക്കുഞ്ഞു) 1925 സെപ്റ്റംബർ 23—നു-


ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം L I C യിൽ ഏജൻറായി പ്രവർത്തിച്ചു. 1962 മുതൽ 1985 വരെ കോതമംഗലം സഹകരണ മാർക്കറ്റിംഗ് സൊസൈറ്റിയിൽ ജോലി നിർവ്വഹിച്ചു് റിട്ടയർ ചെയ്തു. 1962 ഫെബ്രുവരി 15-ാം തീയതി ആലപ്പുഴ പൊടികണ്ണിക്കൽ വറുഗീസിൻെറ മകൾ അന്നത്തിനെ (അമ്മിണി) വിവാഹം ചെയ്തു. 1962 നവംബർ 27-ാംനു- മകൾ റോസമ്മ ജനിച്ചു. ആലപ്പുഴ സെൻറ് ആൻറണീസ് G.H. ൽ പഠിച്ച റോസമ്മ ആലപ്പുഴതന്നെ സെൻറ് ജോസഫ്സ് കോളേജിൽ B.A. വരെ പഠിച്ചു. 1988 ഏപ്രിൽ 4 നു് മീങ്കുന്നത്തു് മാതേക്കൽ പൗലോസിൻെറ മകൻ തോമസ് വിവാഹം കഴിച്ചു. ആൻറണിയുടെ ഏക മകനായ ജോസഫ് (റോബിൻ) 1965 ഒക്ടോബർ 20-ാം തീയതി ഭൂജാതനായി. മൂവാറ്റുപുഴ നിർമ്മലാ ഇംഗ്ളീഷ് മീഡിയം ഹൈസ്ക്കൂളിൽ നിന്നു് S S.L.C. ഫസ്റ്റ്ക്ലാസ്സിൽ പാസ്സായി. അതിനുശേഷം മൂവാറ്റുപുഴ നിർമ്മലാ കോളേജിൽനിന്നു് B.Sc. IInd ക്ലാസ്സോടുകൂടി പാസ്സായി. അനന്തരം ഷോർട്ട്ഹാൻറ് ടൈപ്പ്റൈറ്റിംഗ് ഹയർ പരീക്ഷ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി ഡിപ്ലോമ കരസ്ഥമാക്കി. കൂടാതെ കമ്പ്യൂട്ടർ കോഴ്സിൽ ഡിപ്ലോമ ലഭിച്ചിട്ടുണ്ടു്. ഇപ്പോൾ മൂവാറ്റുപുഴ ക്രൈസ്റ്റ് കോളേജിൽ സേവനം ചെയ്യുന്നു.

കൊച്ചൗസേപ്പ് വറിയതു് വർക്കിയുടെ മൂന്നാമത്തെ മകനായ കൊച്ചൗസേപ്പ് (ജോസഫ്) 1884 ഏപ്രിൽ 24-ാം തീയതി ജനിക്കുകയും 1953 ജനുവരി 1-ാം തീയതി മരിക്കുകയും ചെയ്തു. മൂലതറവാടിനു് വടക്കുവശത്തുള്ള കോട്ടക്കാക്കുടി പറമ്പിലാണു് താമസമാക്കിയിരുന്നതു്. ബിസ്സിനസിൽ താല്പര്യം ഉണ്ടായിരുന്ന

കൊച്ചൗസേപ്പ് റോഡ്, പാലം തുടങ്ങിയവയുടെ ഗവ ണ്മെൻറ് കോൺട്രാക്റ്റ് എടുത്തു് നടത്തിയിട്ടുണ്ടു്. തമിഴ്നാട്ടമായി ജൗളിവ്യാപാരം നടത്തിയിരുന്നു. ദീർ ഘകാലം ബാങ്കിംഗ് ബിസ്സിനസ് നടത്തിയ കൊച്ചൗ സേപ്പ് എം.പി. ബാങ്കിൻെറ പ്രൊപ്രൈറ്റർ കൂടിയാ യിരുന്നു. നല്ലൊരു പ്ലാൻറർ ആയിരുന്ന കൊച്ചൗസേപ്പ് റബർ, ഏലം, തുടങ്ങിയ തോട്ടങ്ങളുടെ ഉടമയായിരുന്നു. അദ്ദേഹം പള്ളികൾക്കും കന്യാമഠങ്ങൾക്കും, അനാഥശാ ലകൾക്കും ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ടു്. ഇദ്ദേഹം കുറുപ്പംപടിയിൽ കാളാംപറമ്പൻ കുടുംബ ത്തിൽനിന്നു് വിവാഹം കഴിച്ചെങ്കിലും മക്കൾ ഉണ്ടാ കുന്നതിനു മുമ്പു് ഭാര്യ മരിച്ചതിനാൽ കോതമംഗലത്തു് ഇലഞ്ഞിക്കൽ കുര്യപ്പിൻെറ മകൾ മാത്തമറിയത്തെ 1921-ൽ വിവാഹം കഴിച്ചു. ടി മാത്തമറിയം 1893 മാർച്ചു് 6 നു് ജനിച്ചു. 1972 ഏപ്രിൽ 19 നു് ഇഹ ലോകവാസം വെടിയുകയും ചെയ്തു. ഇവർക്കു് 7 സ ന്താനങ്ങൾ ഉണ്ടായെങ്കിലും 6 പേർ ശൈശവത്തിൽ മരിച്ചതിനാൽ ഏറ്റവും ഇളയ മകനായ ജോർജ് (ബേബി) മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ.

ബേബി ഹൈസ്കൂളിലും കോളേജിലും പഠിക്കുന്ന കാലം മുതൽ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെട്ടു വി ദ്യാർത്ഥിയായിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ 1947 ൽ ദിവാൻ സർ സി പിക്കു് എതിരായി പ്രവർ ത്തിച്ചിരുന്ന കോൺഗ്രസ് വിദ്യാർത്ഥി സംഘടനയു ടെ പ്രസിഡൻറായിരുന്നു. 1959 മാർച്ചിൽ നടന്ന വി മോചന സമരത്തിൽ കോതമംഗലം ത്രുപതയിലെ കമ്മ്യൂ ണിസ്റ്റ് വിരുദ്ധ വാളൻറിയേഴ്സ് ക്യാപ്റ്റനായി രുന്നു. അങ്ങനെ രാഷ്ട്രീയ സാമുദായിക കാര്യങ്ങളിൽ ഇടപെട്ടിരിക്കുമ്പോൾ 1980 ൽ ഇൻഡ്യൻ പാർലിമെ

ൻറിലേക്ക് സ്ഥാനാർത്ഥിയായി നിന്ന് ജയിച്ചു. വീണ്ടും 1985 ൽ സ്ഥാനാർത്ഥിയായി ബഹു ഭൂരിപക്ഷത്തോടെ ജയിച്ചു. അങ്ങനെ 10 കൊല്ലം പാർലമെൻറ് മെമ്പറായിരുന്നു. ഈ കാലയളവിൽ പാർലമെൻറിൽ ജനങ്ങൾക്ക് വേണ്ടിയും പ്രത്യേകിച്ച് കർഷകർക്ക് വേണ്ടിയും വളരെയധികം വാദിക്കുകയും കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നതിനു് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. 1982 ലെ അമേരിക്കൻ ഡലിഗേഷനിലും 1984 ലെ ആഫ്രിക്കൻ ഡലിഗേഷനിലും പാർലമെൻറിനെ പ്രതിനിധീകരിച്ച് പോയിരുന്നു. 1988 ൽ യുണൈറ്റഡ് നേഷൻസിൽ ഇൻഡ്യയെ പ്രതിനിധീകരിച്ച് പ്രധാനമന്ത്രി നിയോഗിച്ച 4 പേരിൽ ഒരാളായിരുന്ന ശ്രീ. ബേബി, അവർ ഒരുമാസം ന്യൂയോർക്കിൽ താമസിച്ച് തങ്ങളെ ഏൽപ്പിച്ച ദൗത്യം ഭംഗിയായി നിർവഹിച്ചു. ലോകത്തിൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും ഒഴിച്ച് മറെറല്ലാ രാജ്യങ്ങളിലും ചുററി സഞ്ചരിക്കുന്നതിനും ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പാർലമെൻറിൻെറ എസ്റ്റിമേറ്റ് കമ്മററി, പബ്ളിക്ക് അൺഡർടേക്കിംഗ് കമ്മററി, റബർബോർഡ് കമ്മററി എന്നീ സ്ഥാനങ്ങളിലേക്ക് ഇലക്ഷൻ വഴി വിജയിച്ചിട്ടുണ്ട്. എതിരില്ലാതെ പഞ്ചായത്ത് മെമ്പറായി ജയിച്ച ബേബി 1965 മുതൽ 67 വരെ പഞ്ചായത്ത് പ്രസിഡൻറായിരുന്നു. കൂടാതെ അഗ്രികൾച്ചർ യൂണിവേഴ്സിററിയിലെ വിസിററിംഗ് ഫാം. പ്രൊഫസർ, ആം ഇൻഡ്യ റേഡിയോയുടെ അഡൈവസറി കമ്മററി മെമ്പർ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.




ജോർജ് ജോസഫ് മുണ്ടയ്ക്കൽ Ex. M.P.

1931 ജനുവരി 29-ാം തീയതി ജനിച്ച ബേബി 1953 മേയ് 28-ാം തീയതി കാഞ്ഞിരപ്പള്ളികരിമ്പനാൽ പാപ്പച്ചന്റെ മകനും റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജോസ്, മേരി (ജിജി) അന്നം (ജിനോ) ലെറീഷ്യ റോസ (ജോയിസ്) കൊച്ചുത്രേസ്യ (കുഞ്ഞുമോനും) കത്രീന (ജയമോനും) ജോർജ് (ജോജി) അബ്രാഹം (ജിജോ) പോൾ (ജോജോ) ഇങ്ങനെ 4 ആൺകുട്ടികളും 5 പെൺകുട്ടികളുമുണ്ട്. ഇവരിൽ മൂത്തമകൻ ജോസ് 1954 ജൂലൈ 17-ാം തീയതി ജനിച്ചു. 1983 ജനുവരി 2 നു് ചങ്ങനാശേരി ചാമച്ചാപറമ്പിൽ സി.കെ. ജോസഫിന്റെ മകനും ഡെയിസിയെ വിവാഹം കഴിച്ചു. ഇവക്ക് ജോർജ്, ജോസ് എന്നീ 2 ആൺമക്കളുണ്ട്. ഇദ്ദേഹം കോതമംഗലത്തു് മുണ്ടയ്ക്കൽ എസ്റ്റേറ്റ് നടത്തുന്നു. 2-ാമത്തെ മകൻ ജോജി അഗ്രികൾച്ചറൽ B.Sc. പാസായി കർണ്ണാടകയിലുള്ള മുണ്ടയ്ക്കൽ എസ്റ്റേറ്റിന്റെ മേൽനോട്ടം വഹിക്കുന്നു. മൂന്നാമത്തെ മകൻ ജിജോ കോതമംഗലത്തു്

മുണ്ടയ്ക്കൽ എസ്റ്റേററിന്റെ മേൽനോട്ടം വഹിക്കുന്നു. ഇളയ മകൻ ജോജോ കമ്പ്യൂട്ടർ എഞ്ചിനീയറിംഗിനു് അവസാനവർഷം പഠിക്കുന്നു. മൂത്തമകനും ജിജിയെ തൃശ്ശൂർ പാറയ്ക്കൽ P.D. പോളിന്റെ മകനും എഞ്ചിനീയറുമായ ആൻറണി വിവാഹം കഴിച്ചു. രണ്ടാമത്തെ മകനും ജിനോ B. A. പാസായശേഷം വടക്കാഞ്ചേരിൽ ജോസഫ് തരകന്റെ മകൻ എഞ്ചിനീയർ ഡേവീസ് വിവാഹം ചെയ്തു. ഇവർ 7 വർഷം അമേരിക്കയിൽ ആയിരുന്നു. മൂന്നാമത്തെ മകനും ജോയിസ് B.A.യെ എറണാകുളത്തു് പുത്തോക്കാരൻ ജോസിന്റെ മകൻ ചാക്കോയാണു് വിവാഹം കഴിച്ചതു്. നാലാമത്തെ മകനും കുഞ്ഞുമോനും B.Sc. യെ വിവാഹം കഴിച്ചതു് എഴപുന്ന അവരാ തരകന്റെ മകൻ ജോർജ് M.Sc. (അഗ്രികൾച്ചർ) ആണു്. തൃശ്ശൂർ രാമപുരം സണ്ണിയുടെ മകൻ ചെറിയാൻ B.A ആണു് 5-ാമത്തെ മകനും ജയയെ വിവാഹം ചെയ്തതു്.

റവ. ഫാ. പൗലോസ്. വറിയ്തു വക്കിയുടെ ഇളയ മകനായ (4-ാമത്തെ) റവ. ഫാ. പൗലോസ് 1887 ആഗസ്റ്റ് 27 നു് ജനിച്ചു. വൈദികപട്ടം സ്വീകരിച്ചു് 6 മാസക്കാലം അങ്കമാലിപള്ളിയിൽ അസ്സോന്തിയായി ജോലി നോക്കി. അതിനു് ശേഷം അസുഖം മൂലം തിരിച്ചുപോന്ന അദ്ദേഹം 6 മാസം കഴിഞ്ഞു് 1915 ഫെബ്രുവരി 19-ാം തീയതി പരലോക പ്രാപ്തനായി. അദ്ദേഹത്തിന്റെ ഓർമ്മക്കായിട്ടാണു് ഇപ്പോഴത്തെ കത്തീഡ്രൽ പള്ളിയുടെ വടക്കു് വശത്തുള്ള ചെറിയ അംത്താര (വലിയ അംത്താരയോടു് ചേർന്നു്) അദ്ദേഹത്തിന്റെ സഹോദരൻ ജോസഫ് 1943ൽ പണികഴിപ്പിച്ചതു്. അതിൽ " IN LOVING MEM. of Rev. Fr. PAUL MUNDACKAL, KOTHAMANGALAM



ബഹു. പൗലോസച്ചന്റെ സ്മരണക്കായി
പണികഴിപ്പിച്ച അൾത്താര

Date of Birth 27-8-1887 Date of Death 19-2-1915 By His Affectionate Brother VARKEY JOSEPH MUNDACKAL, Kothamangalam 22-12-1943 എന്നു് എഴുതിയിട്ടുണ്ടു്.

സമാപനം

ആദ്യകാലങ്ങളിൽ കുടുംബ ചരിത്രങ്ങളും തലമുറ തലമുറകളായി പറഞ്ഞറിയുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു് മിക്ക കുടുംബങ്ങളിലെ അംഗങ്ങൾക്കും ഈ വിഷയത്തിൽ താല്പര്യം കുറയുകയും അതിനുള്ള സമയം കണ്ടെത്താൻ ബുദ്ധിമുട്ടാകുകയും ചെയ്തു. തന്മൂലം വളരെ പുരുക്കും പേർ മാത്രമേ ഇതിനു് ശ്രമിക്കാറുള്ളൂ. കുടുംബത്തേയും കുടുംബാംഗങ്ങളെയുംപററി വരും തലമുറയ്ക്കു് അറിയുന്നതിനു് എന്തെങ്കിലും രേഖകളും ഉണ്ടാക്കി വെയ്ക്കുന്നതു് നല്ല കാര്യമാണു്. ഇങ്ങനെയുള്ള സംരംഭങ്ങളും പൊതുവെ സ്വാഗതം ചെയ്യേണ്ടതുമാണു്.

●

For private circulation only

Printed at Popular Offset Printers, Kothamangalam. Ph : 2761

25